## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2434** — **15-10-2024 - ൽ മറുപടിയ്ക്ക്**

### തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വീഡിയോഗ്രാഫർമാരുടെ വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിൽ കാസർഗോഡ് ജില്ലയിൽ വിവിധ സ്കാഡുകളിലും തെരഞ്ഞെടുപ്പ് ദിവസം ബൂത്തുകളിലും വീഡിയോ ചിത്രീകരിച്ച എത്ര വീഡിയോഗ്രാഫർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 349 പേർ |
| (ബി) | ഇവർ ജോലി ചെയ്ത കാലയളവ് എത്ര മാസമാണെന്നും പ്രസ്തുത കാലയളവിൽ ഇവർ എത്ര ഡ്യൂട്ടി ചെയ്തുവെന്നും ആ വകയിൽ എത്ര രൂപ ഇവർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | തിരഞ്ഞെടുപ്പ് വിജ്ഞാപനം വന്ന 2024 മാർച്ച് 16 മുതൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ച 2024 ജൂൺ 6 വരെയുള്ള കാലയളവിലാണ് വീഡിയോഗ്രാഫർമാർ ജോലി ചെയ്തത്. പ്രസ്തുത കാലയളവിൽ ഇവർ 2781 ഡ്യൂട്ടി ചെയ്തിട്ടുണ്ട്. നിലവിൽ ഒരു തുകയും വീഡിയോഗ്രാഫർമാർക്ക് നൽകുവാൻ ബാക്കിയില്ല. |
| (സി) | ഈ തുക ഇവർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ; | (സി) | തിരഞ്ഞെടുപ്പ് വിജ്ഞാപനം വന്ന 2024 മാർച്ച് 16 മുതൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ച 2024 ജൂൺ 6 വരെയുള്ള കാലയളവിലാണ് വീഡിയോഗ്രാഫർമാർ ജോലി ചെയ്തത്. പ്രസ്തുത കാലയളവിൽ ഇവർ 2781 ഡ്യൂട്ടി ചെയ്തിട്ടുണ്ട്. നിലവിൽ ഒരു തുകയും വീഡിയോഗ്രാഫർമാർക്ക് നൽകുവാൻ ബാക്കിയില്ല. |
| (ഡി) | ഫുൾ ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ ഇവർ ഹാജരാക്കിയിട്ടുണ്ടോയെന്നും കാസർഗോഡ് ജില്ലയിൽ ഇതിനുള്ള ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഡി) | ഫുൾ ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ അവർ ഹാജരാക്കിയിട്ടുണ്ട്. നിലവിൽ ഒരു തുകയും കാസർഗോഡ് ജില്ലയിൽ ഉൾപ്പെടെ വീഡിയോഗ്രാഫർമാർക്ക് നൽകുവാൻ ബാക്കിയില്ല. |
| (ഇ) | തെരഞ്ഞെടുപ്പ് കാലത്ത് സേവനം ചെയ്ത വീഡിയോഗ്രാഫർമാർക്ക് വേതനം കിട്ടാതിരിക്കാനുള്ള കാരണം ട്രഷറി നിയന്ത്രണമാണ് എന്നത് ശരിയാണോ; സംസ്ഥാനത്ത് ഈ പ്രശ്നം നിലനിൽക്കുന്ന മറ്റ് ജില്ലകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ? | (ഇ) | തെരഞ്ഞെടുപ്പ് കാലത്ത് സേവനം ചെയ്ത വീഡിയോഗ്രാഫർമാർക്ക് വേതനം എല്ലാ ജില്ലയിലും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ